I/8796/2023

ഭരണഭാഷ – മാതൃഭാഷ

LSGD/PD/1224/2023-DED1-Part(1)

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : pdlsgkerala@gmail.com
വെബ്സൈറ്റ്: www.principaldirectorate.lsgkerala.gov.in

തീയതി: 02-05-2023

## നോട്ടീസ്

വിഷയം: ത.സ്വ.ഭ.വ –പ്രിൻസിപ്പൽ ഡയറക്ടറേറ്റ്- പൊതു സ്ഥലംമാറ്റം 2023- സംസ്ഥാനതലത്തിൽ സ്ഥലംമാറ്റം നടത്തുന്ന തസ്തികകളുടെ കരട് ക്യൂ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്

സൂചന :
1. ഈ കാര്യാലയത്തിലെ സർക്കുലർ നം LSGD/PD/1224/2023-DED 1 തീയതി 06.03.2023
2. സർക്കാർ ഉത്തരവ് (കൈ) നം 79/2023/തസ്വഭവ. തീയതി 22/03/2023
3. ഈ കാര്യാലയത്തിലെ സർക്കുലർ നം LSGD/PD/1224/2023-DED 1 തീയതി 23/03/2023
4. ഈ കാര്യാലയത്തിലെ സർക്കുലർ നം LSGD/PD/1224/2023-DED 1 തീയതി 30/03/2023
5. ഈ കാര്യാലയത്തിലെ സർക്കുലർ നം LSGD/PD/1224/2023-DED 1 (Part 1) തീയതി 11/04/2023

ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ 2023 വർഷത്തേയ്ക്കുള്ള പൊതു സ്ഥലം മാറ്റത്തിന്റെ ഭാഗമായി ജീവനക്കാരുടെ ഇൻക്യൂമ്പൻസി വിവരങ്ങൾ ചേർക്കുന്നതിനും പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന സർക്കുലറുകൾ പ്രകാരം നൽകിയിരുന്നു. ആയതിൻ പ്രകാരം ജീവനക്കാർ ഓൺലൈനായി സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ച് സാധുവായ അപേക്ഷകൾ അംഗീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ അംഗീകരിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിൽ സ്ഥലംമാറ്റം നടത്തുന്ന തസ്തികകളുടെ സ്ഥലംമാറ്റത്തിനായുള്ള കരട് ജനറൽ ക്യൂ ലിസ്റ്റ് , അനുകമ്പാർഹത- മുൻഗണന അർഹിക്കുന്ന വിഭാഗത്തിൽ ഉൾപ്പെടുന്നവരുടെ കരട് ക്യൂ ലിസ്റ്റ് എന്നിവ വകുപ്പിലെ എല്ലാ ജീവനക്കാരുടെയും അറിവിലേയ്ക്കായി **https://lsgdgeneraltransfer.lsgkerala.gov.in** എന്ന വെബ്സൈറ്റിൽ ഓൺലൈനായി പ്രസിദ്ധീകരിക്കുന്നു. കൂടാതെ സാധുവായ അപേക്ഷകരുടെ കരട് ലിസ്റ്റ്, നിലവിലെ സ്റ്റേഷനിൽ നിലവിലെ തസ്തികയിൽ മൂന്നു വർഷം പൂർത്തിയാക്കിയ ജീവനക്കാരുടെ കരട് ലിസ്റ്റ്, ഇൻസ്റ്റേഷൻ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലുള്ള കരട് സീനിയോറിറ്റി ലിസ്റ്റ് എന്നിവയും ഇതോടൊപ്പം പ്രസിദ്ധികരിക്കുന്നു.

മേൽ പരാമർശിച്ച കരട് പട്ടികകൾ **https://lsgdgeneraltransfer.lsgkerala.gov.in** എന്ന വെബ്സൈറ്റിൽ

I/8796/2023

ജീവനക്കാരുടെ ലോഗിനിൽ ലഭ്യമായിരിക്കുന്നതാണ്. എല്ലാ ജീവനക്കാർക്കും തങ്ങൾക്ക് അനുവദിച്ച നൽകിയിട്ടുള്ള യൂസർ നെയിം, പാസ് വേർഡ് എന്നിവ ഉപയോഗിച്ച് ടി വെബ്സൈറ്റിൽ കരട് പട്ടികകൾ പരിശോധിക്കാവുന്നതാണ്. കരട് പട്ടികകളിൻ മേൽ ആക്ഷേപമുള്ള ജീവനക്കാർക്ക് ടി വെബ്സൈറ്റ് മുഖാന്തിരം ഓൺലൈനായി ആക്ഷേപങ്ങൾ **11/05/2023** വരെ സമർപ്പിക്കാവുന്നതാണ്. മേൽ സമയപരിധിയ്ക്ക് ശേഷം സമർപ്പിക്കുന്ന ആക്ഷേപങ്ങളും ടി വെബ്സൈറ്റ് മുഖാന്തിരം ഓൺലൈനായി അല്ലാതെ സമർപ്പിക്കുന്ന ആക്ഷേപങ്ങളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാരും ഈ നോട്ടീസ് എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

H. DINESHAN IAS
DIRECTOR

പകർപ്പ്

1. വകുപ്പിലെ എല്ലാ ജീവനക്കാർക്കും (ഓഫീസ് മേലധികാരി മുഖേന)
2. പ്രിൻസിപ്പൽ ഡയറക്ടറുടെ സി.എ യ്ക്ക്
3. ഡയറക്ടർ (അർബൻ) ന്റെ സി.എ യ്ക്ക്
4. ചീഫ് എൻജിനീയർ, LID & EW
5. ചീഫ് ടൌൺ പ്ലാനർ
6. അഡീഷണൽ ഡയറക്ടർ(ഈ&എ)
7. ജോയിന്റ് ഡയറക്ടർ ( IE Section)
8. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
9. വകുപ്പിലെ എല്ലാ ഓഫീസ് മേലധികാരികൾക്കും (ജില്ലാ ജോയിന്റ് ഡയറക്ടർമാർ മുഖേന )
10. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
11. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ
12. കരുതൽ /അധികം

Signed by
H. Dineshan Ias
Date: 02-05-2023 15:30:09